**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6538** **20-03-2023 - ൽ മറുപടിയ്ക്ക്**

**പ്രതീക്ഷ ഭവന സമുച്ചയത്തിൽ ഫ്ലാറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ചുനൽകിയ പ്രതീക്ഷ ഭവന സമുച്ചയത്തിൽ എത്ര ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ടെന്നും എത്ര ഫ്ലാറ്റുകൾ കൈമാറിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾ പ്രസ്തുത ഫ്ലാറ്റുകളിൽ താമസിക്കാൻ തയ്യാറായിട്ടുണ്ടെന്നും നിലവിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ചു നൽകിയ പ്രതീക്ഷ ഭവന സമുച്ചയത്തിൽ 192 വ്യക്തിഗത ഫ്ലാറ്റുകളുണ്ട്. പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിൽ 191 ഫ്ലാറ്റുകളിൽ കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ഫ്ലാറ്റുകൾ നിർമ്മിച്ചിരിക്കുന്നത് ഏത് നിർമ്മാണ കമ്പനിയാണെന്നും എത്ര കോടി രൂപ ചെലവഴിച്ചാണ് ഫ്ലാറ്റുകൾ നിർമ്മിച്ചതെന്നും ഓരോ ഫ്ലാറ്റിലും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്നും ഫ്ലാറ്റിന്റെ വിസ്തീർണ്ണം എത്രയാണെന്നും വിശദമാക്കുമോ; | (ബി) | ഫ്ലാറ്റുകൾ നിർമ്മിച്ചത് നിർമ്മാണ കമ്പനിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ആണ്. ഫ്ലാറ്റ് നിർമ്മാണത്തിനായി 18.82 കോടി രൂപ ചെലവഴിച്ചു. 49.74 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നിർമ്മിച്ചിരിക്കുന്ന ഓരോ വ്യക്തിഗത ഫ്ലാറ്റുകളിലും ഒരു ഹാൾ, രണ്ട് ബെഡ് റൂം, ഒരു കിച്ചൺ, ഒരു ടോയ്ലെറ്റ് സംവിധാനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഫ്ലാറ്റ് നിർമ്മാണത്തിനുള്ള ഭൂമി ലഭ്യമാക്കിയത് ഏത് സർക്കാർ ഏജൻസി ആണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | (സി) | ക്ഷീര വികസന വകുപ്പിൽ നിന്നും കൈമാറി ലഭിച്ച തിരുവനന്തപുരം താലൂക്കിലെ മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2610 ൽ ഉൾപ്പെട്ട ഭൂമിയിലാണ് ഫ്ലാറ്റ് നിർമ്മിച്ചിരിക്കുന്നത് . |

സെക്ഷൻ ഓഫീസർ